# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:101      07.08.2017-ൽ മറുപടിക്ക്**

## ആർ.എസ്.എസ് പ്രവർത്തകർ നടത്തിയ അക്രമ സംഭവങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീ.പി.കെ.ശശി<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എം.നൗഷാദ് | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആർ.എസ്.എസ്. പ്രവർത്തകർ നടത്തിയ എത്ര അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) ആർ.എസ്.എസ്സ് പ്രവർത്തകർ നടത്തിയ അക്രമവുമായി ബന്ധപ്പെട്ട് 281 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് സങ്കുചിത രാഷ്ട്രീയ നേട്ടമുണ്ടാക്കാനായി ധ്രുവീകരണം സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര ഭരണകക്ഷിയുടെ നേതാക്കൾ അക്രമം അഴിച്ചു വിടുകയും ഗവർണറെപോലും അധിക്ഷേപിച്ച് പ്രകോപനം സൃഷ്ടിക്കുകയും ആർ.എസ്.എസ്. അക്രമികൾക്കെതിരെ കേസെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ പരസ്യമായി ഭീഷണിപ്പെടുത്തുകയും വ്യാജ വീഡിയോകളും സന്ദേശങ്ങളും പ്രചരിപ്പിച്ച് അക്രമണത്തിനു പ്രേരിപ്പിക്കുകയും ചെയ്യുന്നതിനെതിരെ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>1. പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 361/2017 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സിൽ 18 പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. ഒരു പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.<br>2. പയ്യന്നൂരിൽ ബിജു എന്ന ആർ.എസ്.എസ് പ്രവർത്തകൻ കൊല്ലപ്പെട്ടതിനെ തുടർന്ന് സി.പി.ഐ(എം) പ്രവർത്തകർ ബാന്റ് മേളവുമായി ആഹ്ലാദ പ്രകടനം നടത്തുന്നു എന്ന വ്യാജ വീഡിയോ 12.06.2017 ൽ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ചതിന് ബി ജെ പി സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരന് എതിരെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 543/2017 രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

3. സോഷ്യൽ മീഡിയയിൽ തെറ്റായ പ്രചരണം നടത്തിയതിന് ബി ജെ പി നേതാവ് കെ സുരേന്ദ്രനെതിരെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 605/2017.

(സി) സി.പി.ഐ.(എം) കോഴിക്കോട് ജില്ലാകമ്മിറ്റി ഓഫീസിനു നേരെ ബോംബെറിഞ്ഞ് ജില്ലാ സെക്രട്ടറിയെ വധിക്കാൻ ശ്രമിക്കുകയും പാർട്ടി ആഫീസുകൾ ആക്രമിച്ച് പ്രകോപനം സൃഷ്ടിക്കുകയും ചെയ്യുന്നവർക്കെതിരെ പോലീസിന്റെ ഭാഗത്തു നിന്ന് കർശന നടപടിയുണ്ടാകാത്തത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ ഇടയാക്കുന്നത് കണക്കിലെടുത്ത് ആർ.എസ്.എസിന്റെ പേരിലുള്ള ക്രിമിനൽ സംഘത്തെ അമർച്ച ചെയ്യാൻ വേണ്ട ശക്തമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

(സി) സി.പി.ഐ.(എം) ജില്ലാ കമ്മിറ്റി ഓഫീസിനുനേരെ ബോംബെറിഞ്ഞ് ജില്ലാ സെക്രട്ടറിയെ വധിക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് നടക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 444/2017 ആയി രജിസ്റ്റർ ചെയ്ത കേസ്സ് ഇപ്പോൾ സംസ്ഥാന ക്രൈം ബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തി വരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി കർശന നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**